**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5546** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന സൗജന്യ ചികിത്സാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സൗജന്യ ചികിത്സാ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സൗജന്യ ചികിത്സാ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്)-**<br>2019 ഏപ്രിൽ മാസം മുതൽ സംസ്ഥാനത്ത് ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി എന്ന പേരിൽ കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടം വരെ RSBY കാർഡ് പുതുക്കിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഒരു കുടുംബത്തിന് ഒരു വർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിത്സ ആനുകൂല്യമാണ് പദ്ധതി വഴി ലഭ്യമാകുന്നത്. പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 577 ആശുപത്രികൾ വഴി സംസ്ഥാനത്ത് പദ്ധതി സേവനങ്ങൾ ലഭ്യമാക്കി വരുന്നു. പദ്ധതിയുടെ ആരോഗ്യ ആനുകൂല്യ പാക്കേജ് പ്രകാരം ഗുണഭോക്താക്കൾക്ക് പണരഹിതമായ ചികിത്സാ സേവനങ്ങളാണ് ലഭ്യമാക്കുന്നത്. |

**കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്)**

സംസ്ഥാനത്തെ 3 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളല്ലാത്ത കുടുംബങ്ങൾക്കായി നൽകി വരുന്ന ആരോഗ്യ ആനുകൂല്യ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.) തദ്ദേശീയരായ ആദായനികുതിദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ലോട്ടറി വകുപ്പ് നടപ്പിലാക്കി വന്നിരുന്ന പദ്ധതി സർക്കാർ തീരുമാന പ്രകാരം 2020 വർഷം മുതൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നത്. 2 ലക്ഷം രൂപയുടെ ചികിത്സാ ആനുകൂല്യങ്ങളാണ് ഒരു കുടുംബത്തിന് ലഭ്യമാകുന്നത്. വൃക്ക സംബന്ധമായ രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപയുടെ ആനുകൂല്യം അധികമായി ലഭിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിൽ നിന്നും ചികിത്സാ സേവനങ്ങൾ കാസ്പ് ആരോഗ്യ ആനുകൂല്യ പാക്കേജുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് പണരഹിതമായി ലഭ്യമാണ്.

**ആരോഗ്യകിരണം പദ്ധതി**

പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം(RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും. 2022 നവംബർ 1 മുതൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് ആരോഗ്യകിരണം പദ്ധതി നടപ്പാക്കുന്നത്. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ

അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളാണ് പദ്ധതി ഗുണഭോക്താക്കൾ. പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ ഉയർന്ന ചികിത്സാ ചെലവ് നേരിടുന്ന കരൾ, വൃക്ക, മജ്ജ എന്നിവയുടെ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സേവനങ്ങൾ പദ്ധതി വഴി ലഭ്യമാക്കി വരുന്നു.

**<u>ശ്രുതി തരംഗം പദ്ധതി</u>**

ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ "കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ തെറാപ്പി, ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ" എന്നിവ സൗജന്യമായി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം'. സർക്കാർ തീരുമാന പ്രകാരം 2023 സാമ്പത്തിക വർഷം മുതൽ പദ്ധതി ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നത്. ശ്രുതിതരംഗം പദ്ധതിയുടെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം ശസ്ത്രക്രിയയ്ക്ക് 0 മുതൽ 3 വയസ്സ് വരെയുള്ള വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് സാധാരണ ഗതിയിൽ അംഗീകാരം ലഭിക്കുന്നത്. എന്നിരുന്നാലും 3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്കും മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവ് തകരാറുകളിൽ പ്രായഭേദമന്യേയും സാങ്കേതിക സമിതിയുടെ പ്രത്യേക അംഗീകാരത്തോടുകൂടി ശസ്ത്രക്രിയ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രോസസ്സർ അപ്ഗ്രഡേഷനുള്ള സേവനങ്ങൾ 25 വയസ്സ് വരെയും, തദ്ദേശ സ്ഥാപനങ്ങളുടെ ധന സഹായത്തോടെ കോക്ലിയാർ ഇമ്പ്ലാൻറ്

ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സേവനങ്ങൾ പ്രായപരിധി ഇല്ലാതെയുമാണ് നൽകുന്നത്. തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്തൃ പരിധിയിൽ വരുന്നത്. സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 8 ആശുപത്രികൾ വഴിയാണ് പദ്ധതി സേവനങ്ങൾ ലഭ്യമാക്കുന്നത്. കേരള സാമൂഹിക സുരക്ഷാ മിഷന്റെ കീഴിൽ നടപ്പിലാക്കിക്കൊണ്ടു വന്നിരുന്ന താലോലം പദ്ധതി, കുട്ടികളുടെ ക്യാൻസർ സുരക്ഷ പദ്ധതി എന്നിവയിൽ നൽകിക്കൊണ്ടിരുന്ന സേവനങ്ങൾ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ പ്രസ്തുത പദ്ധതികൾ ആരോഗ്യ കിരണം പദ്ധതിയിൽ ലയിപ്പിച്ചാണ് നടപ്പിലാക്കുന്നത്.

## RBSK

18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട 30 രോഗാവസ്ഥകൾക്ക് മാത്രം ചികിത്സ നൽകുന്ന പദ്ധതിയാണിത്

**ഹൃദ്യം**

നാഷണൽ ഹെൽത്ത് മിഷനു കീഴിൽ വരുന്ന ഈ പദ്ധതി ഹൃദയ സംബന്ധമായ അസുഖമുള്ള (സർജറി ഉൾപ്പെടെയുള്ള) 18 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും നൽകി വരുന്ന സൗജന്യ ചികിത്സ പദ്ധതിയാണ്. ഈ പദ്ധതിയ്ക്ക് വരുമാന പരിധിയില്ല . ഹൃദ്യം വെബ് സൈറ്റിൽ Echo report ഉം കൂടി ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ് .

## JSSK

ഈ പദ്ധതി പ്രകാരം ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും(ഒരു വയസു വരെ) സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.

**മാതൃയാനം**

സർക്കാർ ആശുപത്രികളിൽ പ്രസവ ശേഷം അമ്മയെയും കുഞ്ഞിനേയും സൗജന്യമായി വീട്ടിൽ എത്തിക്കുന്ന പദ്ധതിയാണ് ഇത്

.എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും. പ്രസവ ശേഷം വീട്ടിലേയ്ക്കുള്ള ദീർഘദൂര യാത്രയ്ക്ക് വളരെയധികം തുക ചെലവാകാറുണ്ട്. ആയതിനൊരു പരിഹാരമാണ് ഈ പദ്ധതി.

**ജനനി സുരക്ഷാ യോജന (JSY)**

സർക്കാർ ആശുപത്രിയിൽ പ്രസവിക്കുന്ന ഗർഭിണികൾക്കും (2-ാം വാർഡിൽ പ്രവേശിക്കപ്പെട്ടവർ ഒഴികെ) തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ അക്രഡിറ്റഡ് ആശുപത്രിയിൽ പ്രസവിക്കുന്ന ബി.പി.എൽ/ എസ്.സി/എസ്.ടി സ്ത്രീകൾക്കും പദ്ധതി പ്രകാരമുള്ള ധന സഹായം നൽകുന്നു. ഗ്രാമീണ മേമേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപ, നഗര പ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപ, വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപ എന്നിങ്ങനെയാണ് ധന സഹായം.

**സുകൃതം**

കാൻസർ ബാധിതരായ പാവപ്പെട്ട രോഗികൾക്കുള്ള പദ്ധതിയാണ്.

**സാർവത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി**

വാക്സിനേഷനിലൂടെ തടയാവുന്ന 12 രോഗങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പ്രതിരോധ വാക്സിനുകൾ സർക്കാർ സൗജന്യമായി നൽകുന്നുണ്ട്. ദേശീയ വാക്സിനേഷൻ ഷെഡ്യൂൾ പ്രകാരമുള്ള വാക്സിൻ കുട്ടികൾക്കും ഗർഭിണികൾക്കും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, സർക്കാർ ആശുപത്രികളിലും നിശ്ചിത ദിവസങ്ങളിൽ സൗജന്യമായി ലഭ്യമാണ്.

**ആശാധാര പദ്ധതി**

| | | | |
|---|---|---|---|
| | | | ഹീമോഫീലിയ രോഗികൾക്കുള്ള സൗജന്യ ചികിത്സ പദ്ധതി<br><br>**<u>അപൂർവ്വ രോഗ ചികിത്സ പദ്ധതി</u>**<br><br>SMA പോലുള്ള അപൂർവ്വ രോഗങ്ങളുടെ സൗജന്യ ചികിത്സയും പ്രത്യേക ഫണ്ടിലൂടെ നടപ്പിലാക്കി വരുന്നു. |
| (ബി) | ഓരോ ചികിത്സാ പദ്ധതിയിലും നാളിതുവരെ എത്ര തുകയുടെ ആനുകൂല്യം കുടിശികയായി വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ഓരോ പദ്ധതിയുടെ പേരും കുടിശ്ശികയുടെ വിശദാംശവും ചുവടെ ചേർക്കുന്നു<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി-1708.86 കോടി<br><br>ആരോഗ്യ കിരണം പദ്ധതി-12.45 കോടി<br><br>കാരുണ്യ ബെനവലന്റ് ഫണ്ട്- 215.82കോടി<br><br>ഹൃദ്യം -10.27 കോടി<br><br>മാതൃയാനം -43.55 കോടി<br><br>ആർ.ബി.എസ്.കെ -7 കോടി |

സെക്ഷൻ ഓഫീസർ